**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1762</u>** **<u>15-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഭിന്നശേഷിക്കാരുടെ ഉന്നമനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്; വിശദമാക്കാമോ? | (എ) | (എ) 1. കോവിഡ് കാലത്ത് ഭിന്നശേഷിക്കാർ അനുഭവിക്കുന്ന മാനസിക പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും, സേവനം വീട്ടു പടിക്കൽ എത്തിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് മുഖേന 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. 2. കോവിഡ്, പ്രളയം മറ്റ് പ്രകൃതി ദുരന്തങ്ങൾ എന്നിവയെ ശാസ്ത്രീയമായി പ്രതിരോധിക്കുന്നതിന് ഭിന്നശേഷിക്കാരെ പ്രാപ്തരാക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് പരിശീലന പരിപാടി സഹജീവനം പദ്ധതിയുമായി ചേർത്ത് എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കുന്നതാണ്. 3. കോവിഡ് കാലത്ത് ഭിന്നശേഷിക്കാർ നേരിട്ട പ്രശ്നങ്ങളെപ്പറ്റി ശാസ്ത്രീമായി പഠനം നടത്തി ഇവർക്കായി നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ ശുപാർശ ചെയ്യുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസുമായി ചേർന്ന് ഒരു പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ പരാതിക്കാരുടെ ആവശ്യങ്ങൾ കേൾക്കുന്നതിനും ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും ഓൺലൈൻ മുഖാന്തിരം ഉള്ള മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ, ഓട്ടിസം സെന്റർ, സ്പെഷ്യൽ അങ്കൻവാടി പദ്ധതികളുടെ ഗുണഭോക്താക്കളായ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി തെറാപ്പികളും മറ്റു സേവനങ്ങളും ഓൺലൈനായി കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന "കൈത്താങ്ങ്" എന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ പരിഗണനയിലാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ അക്കാഡമിക് പിന്തുണയ്ക്കായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം (I) ആയി ചേർക്കുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് മുഖേന മെഡിക്കൽ ബോർഡുകൾ സംഘടിപ്പിച്ച് അടിയന്തിരമായി ഭിന്നശേഷി വിഭാഗത്തിൽ ഉള്ളവർക്ക് UDID Card വിതരണം ചെയ്യുന്നതിനും ചികിത്സ ആവശ്യമുള്ളവർക്ക് വാതിൽപടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

1. കോവിഡിന്റെ പശ്ചാത്തലത്തിൽ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിച്ചു. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം ചെയ്ത ക്ലാസ്സുകൾ എല്ലാ കുട്ടികളേയും ലക്ഷ്യം വച്ചായിരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ അവർക്കു വേണ്ടി ഫസ്റ്റ് ബെല്ലിന്റെ ചുവടു പിടിച്ച് വൈറ്റ് ബോർഡ് മീഡിയ ക്ലാസ്സുകൾ ആരംഭിച്ചു. വിവിധ കാറ്റഗറി യിൽപ്പെട്ട ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും വേണ്ടിയാണ് വൈറ്റ് ബോർഡ് ക്ലാസ്സുകൾ ആരംഭിച്ചത്.

2. എന്നാൽ കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് ഈ ക്ലാസ്സുകൾ ഫലപ്രദമാക്കുന്നതി നായി ഈ ശബ്ദ പാഠങ്ങൾ - 'ടോക്കിംഗ് ടെക്സ്റ്റ്' ആരംഭിച്ചു. ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ പാഠങ്ങളും ശബ്ദപാഠങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. കുട്ടികൾക്ക് നല്ല ഭാഷ കേൾക്കാനും ആസ്വദിക്കാനും പ്രയോഗിക്കാനും ഇതിലൂടെ കഴിയുന്നുണ്ട്. അതോടൊപ്പം തന്നെ ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട പഠന നേട്ടങ്ങൾ സ്വായ ത്തമാക്കാനും കുട്ടികൾക്ക് സാധിക്കും.

3. ബുദ്ധി പരിമിതിയുള്ള കുട്ടികൾക്കായി 'തേൻകൂട്' എന്ന പഠന പിന്തുണാസംവി ധാനം നടപ്പിലാക്കി. ഈ സംവിധാനം കുട്ടികളുടെ ശാരീരികവും മാനസികവു മായ വളർച്ചയ്ക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് കൊടുക്കു ന്നതിനും അവരുടെ പ്രതികരണങ്ങൾ അറിയുന്നതിനും പ്രയോജനപ്പെടുന്നു.

4. കേരളത്തിലെ ശ്രവണ പരിമിതിയുള്ള കുട്ടികൾക്കായി ആംഗ്യഭാഷയുമായി ബന്ധപ്പെടുത്തി 'മുദ്രികാപാഠം' എന്ന ഓൺലൈൻ അദ്ധ്യാപക ശാക്തീകരണ പദ്ധതിയും നടപ്പാക്കി വരുന്നു. ശ്രവണ വൈകല്യമുള്ള കുട്ടികളുടെ പഠനത്തി നായി ഇപ്പോൾ വ്യത്യസ്തതരം ആശയവിനിമയ രീതിയാണ് നിലനിൽക്കുന്നത്. മുദ്രികാപാഠത്തിലൂടെ ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെ (ISL) പരമാവധി ഉപ യോഗം സാധ്യമാക്കുന്നുണ്ട്. ഇതിലൂടെ ശ്രവണ പരിമിതിയുള്ള കുട്ടികളുടെ പഠനം ഏകോപിപ്പിക്കാൻ സാധിക്കും.

Autism Spectrum disorder ഉള്ള കുട്ടികളുടെ പുനഃരധിവാസത്തിനായി സർവ്വ ശിക്ഷാ കേരള മുഖേന 168 ബി.ആർ.സി. കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ കുട്ടികൾക്ക് അധിക പിന്തുണ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടേയും ആയമാരുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ കുട്ടികൾക്ക് സെൻസറി ഇന്റഗ്രേഷൻ പോലെയുള്ള വിവിധ തെറാപ്പികൾ നൽകി വരുന്നു. ഇതിനു പുറമേ കോവിഡ് 19 കാലത്ത് ഇവർക്ക് പഠന പ്രവർത്തനങ്ങൾക്കായി പ്രത്യേകം വീഡിയോ തയ്യാറാക്കി നൽകുകയും വീടുകളിൽ തെറാപ്പി സൗകര്യം ഒരുക്കുന്നതിന് രക്ഷിതാക്കളെ ശാക്തീകരിക്കുന്നതിനായി പ്രത്യേക വീഡിയോകൾ നിർമിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ / പ്രയാസങ്ങൾ മൂലം തങ്ങളുടെ വീടുകളിൽ തന്നെ തുടർന്നു കൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' ഭക്ഷ്യകിറ്റുകളായി വിതരണം ചെയ്തു.

സവിശേഷ സഹായം ആവശ്യമായ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുള്ള ഓൺലൈൻ ശാക്തീകരണ പരിപാടിയായ 'ഗണനിപ്രഭ' എന്ന പദ്ധതി രക്ഷാകർത്താക്കളുടെ സഹായത്താൽ സവിശേഷ കഴിവുകളുള്ള മുഴുവൻ കുട്ടികളെയും പഠന സന്നദ്ധരാക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പിലാക്കിയത്.

സവിശേഷ വിദ്യാലയങ്ങളിലെ കാഴ്ച പരിമിതരായ കുട്ടികൾക്ക് ഫസ്റ്റ്ബെൽ ക്ലാസ്സുകളിൽ നേരിടുന്ന പ്രയാസമേറിയ പാഠഭാഗങ്ങൾ അനുരൂപീകരണം നടത്തി യൂ-ട്യൂബ് ചാനലിലൂടെ ലഭ്യമാക്കുന്ന പദ്ധതിയും നടത്തിവരുന്നു.

Jasmin Thomas